പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3300

29-1-2014-ൽ മറുപടിക്ക്

## കൊയിലാണ്ടി നഗരസഭയിലെ വെറ്ററിനറി സർവ്വകലാശാലാ ഉപകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി നഗരസഭയിൽ നഗരസഭ ഏറ്റെടുത്ത ഭൂമിയിൽ വെറ്ററിനറി സർവ്വകലാശാലാ ഉപകേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച പദ്ധതി നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) കൊയിലാണ്ടി നഗരസഭാ വക അരിക്കുളം വില്ലേജ് സർവ്വെ 35, 9/2 -ൽപ്പെട്ട കാവുംവട്ടം വലിയ മലയിലുള്ള 4 ഏക്കർ സ്ഥലത്ത് വെറ്ററിനറി സർവ്വകലാശാല ഉപകേന്ദ്രം തുടങ്ങുന്നതിനായി സർവ്വകലാശാല ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നഗരസഭാ ചെയർപേഴ്സണുമായി നടത്തുന്ന ചർച്ചക്കുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) വിഷയം കൺസൾട്ടേറ്റീവ് ആന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി മുൻപാകെ അഭിപ്രായത്തിനായി സമർപ്പിച്ചിട്ടുള്ളതാണോ; | (ബി) ഈ വിഷയം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെയും അഭിപ്രായത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്. |
| (സി) പ്രസ്തുത വിഷയത്തിൽ നടപടികൾ പൂർത്തിയാക്കി പദ്ധതി നടപ്പിൽവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (സി) ടി സ്ഥലം ഉടമസ്ഥത നഗരസഭയിൽ നിലനിർത്തിക്കൊണ്ട് ദീർഘകാല അടിസ്ഥാനത്തിൽ വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച തീരുമാനം വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണെന്ന് 1/1/2014-ൽ കൂടിയ സംസ്ഥാനതല കോ- |

ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. വ്യവസായ ആവശ്യത്തിലേക്ക് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത ടി സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായം 25/1/2014-ലെ 13128/ആർസി4/2013/തസ്വഭവ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറേയും കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.